പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.551

27.07.2015 ൽ മറുപടിക്ക്

# നദീതീര സംരക്ഷണ നിയമവും അനധികൃത മണൽ ഖനനവും

ചോദ്യം

ശ്രീമതി.കെ.കെ.ലതിക
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.ബി.ഡി. ദേവസ്സി :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യാപകമായി അനധികൃത മണൽ ഖനനം നടക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണൽ കടത്ത് തടയാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | വ്യാപകമായി അനധികൃത മണൽ ഖനനം നടക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അനധികൃത മണൽ ഖനനവും കടത്തും തടയുന്നതിനായി താലൂക്ക്, ഡിവിഷൻ, ജില്ലാതലങ്ങളിൽ റവന്യൂ, പോലീസ് വകുപ്പുകൾ സംയുക്തമായി സ്ക്വാഡ് രൂപീകരിച്ച് ശക്തമായ പ്രവർത്തനം നടത്തുന്നുണ്ട്. |
| (ബി) | നദീതീര സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതൽക്കാണെന്ന് അറിയിക്കാമോ; | (ബി) | നദീതീര സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത നിയമം 15.04.2002 ൽ പ്രാബല്യത്തിൽ വന്നു. |
| (സി) | നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തീരസംരക്ഷണ സേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; | (സി) | കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ഭേദഗതി നിയമം വകുപ്പ് 26(എ) പ്രകാരം നിഷ്കർഷിക്കപ്പെട്ട പ്രത്യേക സംരക്ഷണ സേനയുടെ |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | | രൂപീകരണം സർക്കാർ പരിഗണനയിലാണ്. |
| (ഡി) | മണൽ കടത്തിന് എതിരെ നിൽക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കും പൊതുപ്രവർത്തകർക്കുമെതിരെ മണൽ മാഫിയ വ്യാപകമായ അക്രമം അഴിച്ചുവിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | മണൽ കടത്തിന് എതിരെ നിൽക്കുന്ന ഉദ്യോഗസ്ഥർക്കും പൊതുപ്രവർത്തകർക്കുമെതിരെ അക്രമം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രീതിയിലുള്ള അക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ അനധികൃത മണൽ കടത്തിന് എതിരായുള്ള കർത്തവ്യ നിർവഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് നേരിടേണ്ടിവരുന്ന കേസുകളിൽ സർക്കാർ അഭിഭാഷകന്റെ സേവനം ലഭിക്കുന്നതിനായി 15.01.2013 ലെ 27611/ബി1/2012/നിയമം പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | അനധികൃത മണൽ കടത്തിന് മണൽ മാഫിയയ്ക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ടോ; കുറ്റക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ഇ) | മണൽ മാഫിയയ്ക്ക് കൂട്ടു നിൽക്കുന്നതായി കണ്ടെത്തിയാൽ ടി ഉദ്യോഗസ്ഥർക്കെതിരായി കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ